# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2304** — **12/03/2020**-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികളുടെ കാര്യക്ഷമത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. രാജൻ**<br>**,, ഇ.കെ.വിജയൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രധാന വിഭവസ്രോതസ്സുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം (50%, 75%, 100%) എന്നീ വിഭവ സ്രോതസുകളാണ് ഉള്ളത്. ഇതിൽ സംസ്ഥാന വിഹിതമായി 866.26 കോടി രൂപയും കേന്ദ്ര വിഹിതമായി 111.8703 കോടി രൂപയുമാണ് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ ഇരട്ടിയോളം തുക പദ്ധതി വിഹിതമായി പട്ടികവർഗ്ഗ വികസനത്തിന് ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ തോതുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായി ലഭിക്കേണ്ടതിന്റെ ഇരട്ടിയോളം തുക പദ്ധതി വിഹിതമായി പട്ടിക വർഗ്ഗ വികസനത്തിന് ചെലവഴിക്കുന്നുണ്ട്. 2011 സെൻസസ് പ്രകാരം കേരളത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യ 4,84,839 ആണ്. ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 1.45% ആണ്. 2019-20 സാമ്പത്തിക വർഷം ജനസംഖ്യയ്ക്ക് ആനുപാതികമായി സംസ്ഥാന ബഡ്ജറ്റിന്റെ 2.83% തുക (866.26 കോടി രൂപ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; | (സി) | പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്യാറുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ പദ്ധതി നേട്ടങ്ങൾ ചുവടെ ചേർക്കുന്നു .<br><br>**<u>ഭൂമി</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 4265 ഗുണഭോക്താക്കൾക്ക് 3663.374 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**<u>ഭവനം</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 29221 വീടുകൾ പൂർത്തിയാക്കി. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച (2011-12 മുതൽ 2015-16 വരെ) പൂർത്തിയാകാതെ കിടന്ന വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മുഖേന 6792 വീടുകളും ലൈഫ് മിഷൻ മുഖേന 11085 വീടുകളും പൂർത്തീകരിച്ചു. ഇതിനുപുറമെ സ്പിൽഓവർ ആയി ഐ.എ.വൈ.യിൽ 8534 വീടുകളും വകുപ്പിന്റെ സഹായത്തോടെ പൂർത്തിയാക്കി.<br><br>വകുപ്പ് മുഖേന 2016-17 വർഷം ഏറ്റെടുത്ത 6709 വീടുകളിൽ 555 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.<br><br>ലൈഫ് മിഷൻ രണ്ടാംഘട്ട സർവ്വേ പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 5626 വീടുകളിൽ 1109 വീടുകൾ പൂർത്തീകരിച്ചു. വകുപ്പിന്റെ സഹായത്തോടെ 1121 PMAY വീടുകളും പൂർത്തിയാക്കി. |

പ്രളയത്തിൽ തകർന്ന 604 വീട്ടുകളിൽ 25 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചു. ശേഷിക്കുന്നവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

**കോളനി വികസനം**

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എ.റ്റി.എസ്.പി. / ഹാംലറ്റ് പദ്ധതികളിൽ ഏറ്റെടുത്ത 230 കോളനികളിൽ 13 എണ്ണം മാത്രമാണ് ടി കാലയളവിൽ പൂർത്തീകരിച്ചിരുന്നത്. ആയതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 155 കോളനികൾ പൂർത്തീകരിച്ചു. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസന പദ്ധതി പ്രകാരം 101 സങ്കേതങ്ങളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ഫീസിബിൾ അല്ലാത്ത 6 കോളനികളെ ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 95 സങ്കേതങ്ങളിൽ 61 സങ്കേതങ്ങളുടെ പ്രവൃത്തി ആരംഭിച്ചതിൽ 3 എണ്ണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

**നൈപുണ്യ വികസന പദ്ധതി**

ഈ സർക്കാർ വന്നതിനുശേഷം 2016-17 മുതൽ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 12 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 27 കോഴ്സുകളിലായി 5431 ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും ഇതുവരെ 2331 പേർക്ക് തൊഴിലും ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചു ടി പരിശീലനത്തിന്റെ ഭാഗമായി 23 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്നവരുടെ പരിശീലനം പുരോഗമിക്കുന്നു.

**മറ്റുള്ളവ :-**

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | 1. **സമ്പൂർണ്ണ വൈദ്യുതീകരണം**<br>2. ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വികസനത്തിനായുള്ള **പി.കെ. കാളൻ പദ്ധതി**<br>3. സാമൂഹ്യപഠന മുറി<br>4. തൊഴിലുറപ്പ് പദ്ധതിയിൽ "**കേരള ട്രൈബൽ പ്ലസ്**" എന്ന പുതിയ പദ്ധതി.<br>5. **അട്ടപ്പാടിയിലെ വനിതകളുടെ ശാക്തീകരണം.**<br>6. **നിർമ്മാണ മേഖലയിൽ തൊഴിൽ സേന (ഗോത്ര ജീവിക).**<br>7. **ഐ.ടി. മേഖലയിൽ തൊഴിൽ പരിശീലനം.**<br>8. **ജനനി ജന്മരക്ഷ – ധനസഹായം**<br>9. **സാമൂഹിക – സാമ്പത്തിക ഇ-സർവ്വേ.**<br>10. ഡ്രോപ്പ് ഔട്ട് റേറ്റ് കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനുമായി - **മെന്റർ ടീച്ചർ നിയമനം - (ഗോത്രബന്ധു)**<br>11. **ഗോത്രവാത്സല്യനിധി ഇൻഷ്വറൻസ്.**<br>12. **പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കൽ.**<br>13. **മില്ലറ്റ് വില്ലേജ്.**<br>14. **മൊബൈൽ മെഡിക്കൽ ക്ലിനിക്ക്.**<br>15. **കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.** |
| (ഇ) | പട്ടികവർഗ്ഗ ഉപപദ്ധതിക്കായി വകയിരുത്തുന്ന തുക പട്ടികവർഗ്ഗക്ഷേമത്തിന് പൂർണ്ണമായും ഉതകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി വകയിരുത്തുന്ന തുക പൂർണ്ണമായും അവർക്ക് ഉതകത്തക്ക രീതിയിൽ ചെലവഴിക്കാൻ സാധിക്കുന്നുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭൂരിഭാഗവും കുടുംബങ്ങൾക്കും വ്യക്തികൾക്കും |

| | | | |
|---|---|---|---|
| | | | നേരിട്ട് ഗുണം ലഭിക്കുന്ന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലയിലാണ് കൂടുതൽ തുക വകയിരുത്തുന്നത്. കൂടാതെ തൊഴിൽ, ഭവന നിർമ്മാണം, ഭൂമി വാങ്ങി നൽകൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കും പ്രാധാന്യം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സങ്കേത വികസന പരിപാടികളെല്ലാം ഊരുകൂട്ടങ്ങളാണ് തീരുമാനിക്കുന്നത്. ടി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക നില വളരെയേറെ മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ